**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836** | **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനിലെ പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനിൽ നിലവിൽ എത്ര പരാതികൾ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; കമ്മീഷന്റെ ശിപാർശകൾ യഥാസമയം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; | (എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷനിൽ നിലവിൽ 5426 കേസുകൾ തീർപ്പാക്കുവാനുണ്ട്. കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കിയില്ല എന്ന് പരാതിക്കാരൻ പരാതിപ്പെടുന്നപക്ഷം ബന്ധപ്പെട്ട എതിർ കക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ട് തുടർനടപടികൾ കമ്മീഷൻ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | 2020 ജനുവരി മുതൽ നാളിതുവരെ കമ്മീഷൻ എത്ര സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്; പരാതികളിൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തുമോ? | (ബി) | 2020 ജനുവരി മുതൽ നാളിതുവരെ കമ്മീഷനിൽ 43 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. കോവിഡ് 19മഹാമാരിയെ തുടർന്നുള്ള ലോക്ഡൗൺ സാഹചര്യത്തിൽ സിറ്റിംഗുകളുടെ എണ്ണവും, പരിഗണിക്കപ്പെടുന്ന പരാതികളുടെ എണ്ണവും പരിമിതപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്. കോവിഡ് ഭീതി മാറിവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ജില്ലകൾ തോറും അദാലത്തുകൾ സംഘടപ്പിക്കുവാൻ കമ്മീഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ